പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2045 **26-10-2026-ൽ മറുപടിയ്ക്ക്**

ആയുഷ് വിഭാഗത്തിനായി സ്വതന്ത്ര സർവ്വകലാശാല

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഗീതാ ഗോപി ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ആയുഷ് വിഭാഗത്തിനായുള്ള സ്വതന്ത്ര സർവകലാശാല തുടങ്ങുവാനുള്ള സർക്കാർ തല നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ അതിന്റെ നിലവിലുള്ള സ്ഥിതിയും അവയുടെ നടപടിക്രമങ്ങളും വ്യക്തമാക്കുമോ;

മറുപടി: പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. "കേരള ആയുഷ് സർവകലാശാല ബിൽ" (Kerala AYUSH University Bill)-ന്റെ കരട് തയ്യാറാക്കുന്നതിന് 03-08-2026-ലെ G.O.(Rt)No.384/2026/AYUSH നമ്പർ ഉത്തരവ് പ്രകാരം, ചുവടെ ചേർക്കും പ്രകാരം, ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി (Drafting Committee) രൂപീകരിച്ചിട്ടുണ്ട്:

1. പ്രിൻസിപ്പൽ സെക്രട്ടറി, ആയുഷ് വകുപ്പ് - ചെയർപേഴ്സൺ

2. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ – കൺവീനർ

3. ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - അംഗം

4. പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസർ, ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് - അംഗം

(ബി) പ്രത്യേക ആയുഷ് സർവകലാശാല കൊണ്ടുവരുന്നത് എതിർത്തുകൊണ്ട് ആയുർവേദ സംഘടനകളുടെ ഭാഗത്തുനിന്നുണ്ടായ പ്രസ്താവനകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സംഘടനകളുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

മറുപടി: ഉണ്ട്. സംഘടനകളുമായി നിലവിൽ ചർച്ചകൾ ആരംഭിച്ചിട്ടില്ല.

(സി) കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിൽ നിന്നും ആയുഷ് വകുപ്പിനെ മാറ്റുന്നതുകൊണ്ട് ഏതുതരത്തിലുള്ള നേട്ടങ്ങളാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്തെ ആയുഷ് ചികിത്സാ സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസം, ഗവേഷണം, ചികിത്സ, ഔഷധ വികസനം എന്നിവയ്ക്ക് സ്വതന്ത്രവും ഏകോപിതവുമായ അക്കാദമിക് സംവിധാനമൊരുക്കുക എന്നതാണ് കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിൽ നിന്നും മാറ്റി സ്വതന്ത്ര ആയുഷ് സർവ്വകലാശാല സ്ഥാപിക്കുന്നതിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്.

(ഡി) കർണാടകം, ഉത്തരാഖണ്ഡ് മുതലായ സംസ്ഥാനങ്ങളിൽ സ്വതന്ത്ര ആയുഷ് സർവകലാശാലകൾ തുടങ്ങിയിട്ട് എവിടെയും എത്താത്ത സ്ഥിതിഗതികൾ മുൻപിൽ നിൽക്കെ, ഈ വിഷയത്തെ സംബന്ധിച്ച് വ്യക്തവും വസ്തുനിഷ്ഠവുമായ പഠനം സർക്കാർ തലത്തിൽ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദവിവരം നൽകുമോ?

മറുപടി: സംഘടനകൾ ഉൾപ്പെടെ ഉന്നയിച്ചിട്ടുള്ള ആശങ്കകൾ വസ്തുനിഷ്ഠമായി പരിശോധിച്ച് മാത്രം ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ